**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3509** **02-03-2023 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വിപണനം നടത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ ഉല്പന്നങ്ങളുടെ വിപണനമാണ് കർഷകർ അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രതിസന്ധി എന്നിരിക്കെ മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വിപണനം നടത്താൻ കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിപണനം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | സർക്കാർ ഫാമുകളിലെ വിവിധ ഉത്പന്നങ്ങൾ ‘Keralagro’ എന്ന ബ്രാൻഡിൽ FLIPKART ലും AMAZON ലും വിപണനം ചെയ്യുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. FLIPKART ൽ ഇപ്പോൾ തന്നെ ഉത്പന്നങ്ങൾ ലഭ്യമാണ്. മാർച്ച് 2023 ൽ 100 ഉത്പന്നങ്ങൾ FLIPKART ലും AMAZON ലുമായി ലഭ്യമാക്കുന്നതാണ്. അരി, അവൽ, ശർക്കര, വെളിച്ചെണ്ണ, സ്ക്വാഷ്, ജാം, ജെല്ലി, അച്ചാറുകൾ തുടങ്ങിയ മൂല്യവർധിത ഉത്പന്നങ്ങൾക്ക് പുറമേ ഗ്രാഫ്റ്റുകൾ, ലേയറുകൾ, സംപുഷ്ടീകരിച്ച ജൈവവളങ്ങൾ, ജൈവ വളർച്ചാ ത്വരകങ്ങൾ (Growth Promoters), ജൈവ കീടനാശിനികൾ, കായീച്ചകെണി (Pheromone Trap) തുടങ്ങിയവയാണ് ഓൺലൈൻ വഴി ലഭ്യമാക്കുക. |
| (സി) | പ്രാദേശിക ഉല്പന്നങ്ങൾ വിതരണം ചെയ്യാൻ കമ്പനി രൂപീകരിക്കാൻ പദ്ധതിയുണ്ടോ; | (സി) | ഉണ്ട്. കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ച് പ്രാദേശിക ഉത്പന്നങ്ങൾ ശേഖരിച്ച് ബ്രാൻഡ് ചെയ്ത് വിപണനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് ഓൺലൈൻ വിപണനം സാധ്യമാക്കുന്നതിനായി മൂല്യവർദ്ധന കൃഷി മിഷന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | സർക്കാർ ഉത്തരവ് നമ്പർ 24.09.2022 ലെ 29/2022/അഗ്രി പ്രകാരം മൂല്യവർധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ